കാലത്തും ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടുണ്ട്; ബഹുമാനപ്പെട്ട ബേബി ജോൺ ഇടപെട്ടിട്ടുണ്ട്; ശ്രീ. പി.ജെ. ജോസഫും ഇടപെട്ടിട്ടുണ്ട്, അതാതുകാലത്ത് അവരെ സഹായിക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ അവർക്ക് പട്ടയം കിട്ടിയിട്ടില്ല എന്നുള്ള പ്രശ്നം ഇപ്പോഴും അവശേഷിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ റവന്യൂ റിവ്യൂ മീറ്റിംഗിൽ ഈ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർ ഉന്നയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ആ പ്രശ്നത്തെക്കുറിച്ച് പരിശോധിച്ച് തീരുമാനമുണ്ടാക്കണമെന്ന് ഞങ്ങൾ അവിടെവച്ചുതന്നെ തീരുമാനിക്കുകയും ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിരുന്നു. 5.1.2000-ൽ തിരുവനന്തപുരം ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ ഇത് തീരുമാനിച്ചു. ജലസേചന വകുപ്പിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, വൈൽഡ് ലൈഫ് വാർഡൻ, നെയ്യാറ്റിൻകര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ പ്രോജക്ട് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. റവന്യൂ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥൻമാരുമുണ്ടായിരുന്നു. അവർ ഈ പ്രശ്നം പരിശോധിക്കുകയും ഈ പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് വനം വകുപ്പിനെ അറിയിക്കുകയും ചെയ്തു. എന്നാൽ നെയ്യാർ ഡാമിന്റെ പരിസര പ്രദേശങ്ങൾ ഇവർ മലിനമാക്കുന്നു, ചപ്പുചവറുകൾ ഇടുന്നു, ജലം ചീത്തയാകുന്നു, അതുകൊണ്ട് അവരെ ഒഴിപ്പിക്കണം, ഒഴിപ്പിച്ചില്ലായെങ്കിൽ ജലസേചനത്തിന് പ്രയാസമാകും എന്നുള്ള അഭിപ്രായം ഉണ്ടായി. അതുകൊണ്ട് ജലസേചന വകുപ്പുമായി ഈ പ്രശ്നം വീണ്ടും ചർച്ച ചെയ്തു. നെയ്യാർ ഡാമിന്റെ പണി ആരംഭിക്കുന്നതിന് പത്ത് പതിനഞ്ച് കൊല്ലംമുമ്പ് അവിടെ താമസിക്കുന്ന, ദീർഘകാലമായി ചമയങ്ങളും വീടുകളും വച്ച് താമസിക്കുന്ന ഇവരെ ഒഴിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണമെന്നുള്ളത് മാനുഷിക പരിഗണനവച്ച് ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഡാമിനും വെള്ളത്തിനും ദോഷം വരാത്തനിലയിൽ, ഏറെക്കാലമായി കഴിഞ്ഞുകൂടുന്നവർ എന്ന പരിഗണനവച്ചുകൊണ്ട്, ഇവർക്ക് പട്ടയം നൽകുന്നതിന് ഇറിഗേഷൻ വകുപ്പുമായി കൂടിയാലോചിച്ച് ഒരു തീരുമാനം എടുക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിക്കുകയും സർവ്വ കക്ഷികളും ഈ പ്രശ്നത്തിനു പിന്നിൽ അണിനിരക്കുകയുമൊക്കെ ചെയ്ത പശ്ചാത്തലത്തിൽ 10.4.2000-ന് ഇറിഗേഷൻ വകുപ്പിലേയും റവന്യൂ വകുപ്പിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയുമെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിച്ചുകൂട്ടി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയുമോ എന്നതിനെ സംബന്ധിച്ച് പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(7) കോട്ടയം ജില്ലയിൽ 27.3.2000-ന് കാറ്റും മഴയുംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ഇന്നലെ വൈകുന്നേരം കോട്ടയത്തും പരിസര പ്രദേശങ്ങളിലും ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും വ്യാപകമായ നാശനഷ്ടം ഉണ്ടായിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ അകക്കുന്നം, കൂരോപ്പട, അയർക്കുന്നം എന്നീ പഞ്ചായത്തുകളിലും സമീപ പ്രദേശങ്ങളിലും നാശനഷ്ടങ്ങൾ വളരെ കൂടുതലാണ്. കോട്ടയം ടൗണിലും വിജയപുരം പഞ്ചായത്തിലും കൊടുങ്ങൂരുമെല്ലാം കാറ്റിലും മഴയിലും വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. വീടുകൾ പലതും നശിച്ചു. ഇന്നലെ ഇലക്ട്രിസിറ്റി കണക്ഷൻ പൂർണ്ണമായി നിലച്ചിരിക്കുകയാണ്. മരങ്ങൾ വീണ് വാഹന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ പലതും നശിച്ചു. ഇലക്ട്രിസിറ്റി ഇപ്പോഴും കൊടുക്കാൻ സാധിച്ചിട്ടില്ല എന്നാണ് ഏറ്റവും ഒടുവിൽ കിട്ടിയ വിവരം. നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തിര സഹായങ്ങൾ എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ഇന്നും നാളെയുമായി ആവശ്യമായ സഹായം ചെയ്തില്ലെങ്കിൽ ജനങ്ങൾ വള രെയധികം ബുദ്ധിമുട്ടും. അതുകൊണ്ട് അടിയന്തിര നടപടി സ്വീകരിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അത് സഭയുടേയും ഒരു ആവശ്യമാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഇന്നലെ വൈകുന്നേരം ഏഴ് മണിക്കുശേഷമാണ് അവിടെ ശക്തിയായി കാറ്റും മഴയും ഉണ്ടായത്. വിശദമായ റിപ്പോർട്ട് കിട്ടിയിട്ടില്ലെങ്കിലും ഉടനെ ജില്ലാ കളക്ടറു മായി ബന്ധപ്പെട്ടു. റവന്യൂ ഉദ്യോഗസ്ഥൻമാർ അവിടെ പോയിട്ടുണ്ട്. ഇപ്പോൾ കിട്ടിയിടത്തോളം വിവരംവച്ച് 10 വീടുകളാണ് ഭാഗികമായി തകർന്നിട്ടുള്ളത്. 1,16,000-ൽപ്പരം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കിയി ട്ടുണ്ട്. രണ്ട് സ്ത്രീകൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്. അവരെ ഉടനെ ആശുപത്രി യിൽ പ്രവേശിപ്പിച്ചു. അവർക്ക് 500 ഉറുപ്പിക വച്ച് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. എത്രത്തോളം കൃഷിനാശം ഉണ്ടായി എന്നത് സംബന്ധിച്ച് പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. വീട് ഭാഗികമായി നഷ്ടപ്പെട്ട വർക്കുള്ള സാമ്പത്തിക സഹായവും ചികിൽസാ സഹായങ്ങളും കൃഷി നാശ ത്തിന്റെ സഹായങ്ങളും എത്രത്തോളം കൊടുക്കേണ്ടതുണ്ട് എന്നതിനെ സംബന്ധിച്ച് വിശദാംശങ്ങൾ കിട്ടുന്ന മുറയ്ക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ സംഭവസ്ഥലത്ത് പോയിട്ടുണ്ട്. ഈ പ്രശ്നം ഗൗര വപരമായി പരിഗണിക്കുന്നതാണ്.

(8) മിച്ചഭൂമി ഏറ്റെടുക്കാൻ നടപടി

ശ്രീ. എ. കണാരൻ : സർ, കേരളത്തിൽ ഭൂപരിഷ്ക്കരണ നിയമ പ്രകാരം 1,35,973 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചു എന്നാണ് പറയുന്നത്. നിയമം പാസ്സാകുമ്പോൾ 8 ലക്ഷത്തോളം ഏക്കർ ഭൂമി വിതരണം ചെയ്യാനുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. ദുഃഖകരമെന്നു പറയട്ടെ, അത് സാധിച്ചില്ല. എന്നിരുന്നാലും തുടർച്ചയായുള്ള മിച്ചഭൂമി സമരത്തിന്റേയും മറ്റ് പ്രക്ഷോഭണങ്ങളുടേയും ഫലമായിട്ടുപോലും 1,47,927 പേർക്ക് മാത്രമേ ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. അതിൽ 71,000 പേർ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. 45,151 ഏക്കർ ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്തിട്ടില്ല എന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം. ഇതിൽ 23,117 ഏക്കർ ഭൂമി പലവിധ കേസ്സുകളിൽപ്പെട്ട് കിടക്കുകയാണ്. (കാസർഗോഡ്-1967 ഏക്കർ, കണ്ണൂർ-1426 ഏക്കർ, വയനാട്-3364 ഏക്കർ, മല പ്പുറം-5373 ഏക്കർ, പാലക്കാട്-4376 ഏക്കർ, ആലപ്പുഴ-5151 ഏക്കർ, കോട്ടയം -540 ഏക്കർ, എറണാകുളം-1749 ഏക്കർ). ഇതിനുപുറമേയാണ് കൃത്രിമരേഖ കൾ ഉണ്ടാക്കി ഭൂമി കൈവശപ്പെടുത്താൻ നടപടി സ്വീകരിക്കുന്നത്. പല സ്ഥലങ്ങളിലും പട്ടിക്കൂട്ടിയുടേയും പശുക്കുട്ടിയുടേയും പേരിൽ ഭൂമി എഴുതി വച്ചിട്ടുണ്ട് എന്ന് അന്ന് പ്രസംഗിച്ചു നടന്നതാണ്. അതെല്ലാം യാഥാർത്ഥ്യമാ ണ്. ഏറെ ഭൂമി കൈവശം വയ്ക്കുന്നവരുണ്ട്. ഈ ഭൂമിയെല്ലാം ഏറ്റെടുത്ത്, കൃത്രിമരേഖയെല്ലാം കണ്ടുപിടിച്ച് യഥാർത്ഥമിച്ചഭൂമി മുഴുവൻ വിതരണം ചെയ്യാനുള്ള സംവിധാനം വേണം. അമ്പഴത്തോട് 126 ഏക്കർ മിച്ചഭൂമിയുണ്ട്. അവിടെ വിവാദപരമായി, സി.ആർ.പി.എഫ്. ക്യാമ്പ് സ്ഥാപിക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly